**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 407** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി. പാർക്കുകളിൽ ബാർ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ ബാർ ലൈസൻസ് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ ഐ.ടി പാർക്കുകളിൽ പ്രത്യേകം മാറ്റി വയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിനും, ആയതിനുള്ള മാനദണ്ഡങ്ങൾ ചട്ടത്തിൽ ഉൾപ്പെടുത്തുന്നതിനും 2022-23 വർഷത്തെ മദ്യനയത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. ആയത് സംബന്ധിച്ച വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ബി) | ഐ.ടി. പാർക്കുകളിൽ ബാറുകൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ ബാർ ലൈസൻസിന്റെ മറവിൽ അനധികൃത മദ്യ വില്പനയും മയക്കുമരുന്ന് വില്പനയും ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മറ്റ് വിദേശമദ്യ ലൈസൻസ് സ്ഥാപനങ്ങൾക്കുള്ള നിയന്ത്രണങ്ങൾ ഐ. ടി പാർക്കുകളിൽ അനുവദിക്കാൻ ഉദ്ദേശിക്കുന്ന ലൈസൻസുകൾക്കും ബാധകമായിരിക്കും. |
| (സി) | ഐ.ടി. പാർക്കുകളിൽ എക്സൈസ് വകുപ്പിന്റെയും മറ്റും പരിശോധനകൾ അവിടുത്തെ ബിസിനസ് അന്തരീക്ഷത്തെ ദോഷകരമായി ബാധിക്കുമെന്ന പരിമിതി ഉള്ളതിനാൽ, ബാർ ലൈസൻസ് അനുവദിക്കാനുള്ള സർക്കാർ തീരുമാനം പുന: പരിശോധിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ? | (സി) | ഐ. ടി പാർക്കുകളിൽ വിദേശമദ്യ ലൈസൻസ് അനുവദിക്കുമ്പോൾ ടി ലൈസൻസ് പരിധി ബന്ധപ്പെട്ട ഐ. ടി പാർക്കിനുള്ളിലെ ഓഫീസ് ഏരിയ ഉൾപ്പെടാത്ത ഒരു പ്രത്യേക സ്ഥലം ആയിരിക്കണമെന്നും ആയതിനു പ്രത്യേകം പ്രവേശനം ഉണ്ടായിരിക്കണമെന്നും നിർദിഷ്ട ചട്ടത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ